പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

<u>നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.5675</u> <u>02-07-2014 - ൽ മറുപടിയ്ക്ക്</u>

## <u>തൃശ്ശൂർ ജില്ലയിലെ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികൾ</u>

| <u>ചോദ്യം</u> | <u>മറുപടി</u> |
|---|---|
| ശ്രീ.കെ.രാധാകൃഷ്ണൻ: | ശ്രീ. പി.ജെ.ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം തൃശ്ശൂർ ജില്ലയിൽ പുതുതായി നടപ്പിലാക്കിയ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികൾ എതെല്ലാമാണെന്ന് അറിയിക്കുമോ; | (എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം തൃശ്ശൂർ ജില്ലയിൽ പുതുതായി ലിഫ്റ്റ് ഇറിഗേഷൻ സ്കീമുകൾ ഒന്നും പൂർത്തീകരിച്ചിട്ടില്ല. ചാലക്കുടി നിയോജക മണ്ഡലത്തിലെ പീലാർമൂഴി ലിഫ്റ്റ് ഇറിഗേഷൻ സ്കീം 11/06/2014 ൽ കരാർവെച്ച് നിർമ്മാണ പ്രവൃത്തി ആരംഭിച്ചിട്ടുണ്ട്. |
| (ബി) മുൻ സർക്കാരിന്റെ കാലത്ത് ആരംഭിച്ചതും കഴിഞ്ഞ മൂന്ന് വർഷത്തിനുള്ളിൽ പൂർത്തിയാക്കുകയോ പണി നടത്തുകയോ ചെയ്യുന്ന ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികൾ ഏതെല്ലാമാണെന്ന് നിയോജകമണ്ഡലം തിരിച്ച് അറിയിക്കുമോ; | (ബി) പുതുക്കാട് നിയോജക മണ്ഡലത്തിലെ തോട്ടുമുഖം ലിഫ്റ്റ് ഇറിഗേഷൻ സ്കീം മുൻ സർക്കാരിന്റെ കാലത്ത് ആരംഭിച്ചതും ഇപ്പോഴും നിർമ്മാണപ്രവൃത്തി നടന്നുകൊണ്ടിരിക്കുന്നതുമാണ്. |
| (സി) വിവിധ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികൾ പൂർത്തിയാക്കുന്നതിനുണ്ടാകുന്ന കാലതാമസത്തിന്റെ കാരണങ്ങൾ അറിയിക്കുമോ; | (സി) ഫണ്ടിന്റെ അപര്യാപ്തതയും, കൃഷിക്കാർ വിട്ടുതരുന്നതും പഞ്ചായത്തുകൾ ഏറ്റെടുത്തുതരുന്നതുമായ സ്ഥലത്തിന്റെ ലഭ്യതകുറവുമാണ് ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികൾ പൂർത്തിയാക്കുന്നതിനുണ്ടാകുന്ന കാലതാമസത്തിന് കാരണം. |
| (ഡി) കൃഷിക്ക് പ്രയോജനകരവും അത്യന്താപേക്ഷിതവുമായ പ്രസ്തുത പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കുവാൻ നടപടി സ്വീകരിക്കുമോ? | (ഡി) ഫണ്ടും സ്ഥലവും ലഭ്യമാകുന്ന മുറയ്ക്ക് സമയബന്ധിതമായി പ്രസ്തുത പദ്ധതികൾ പൂർത്തിയാക്കുവാൻ നടപടി സ്വീകരിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ.